**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠന മുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഒരു പഠന മുറി എന്ന പദ്ധതി പ്രകാരം എത്ര പഠന മുറികളാണ് അനുവദിച്ചതെന്നും ഇതിനായി എത്ര കോടി രൂപ സർക്കാർ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പഠന മുറി എന്ന പദ്ധതി സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. കുറഞ്ഞത് 20 വിദ്യാർത്ഥികളെങ്കിലുമുള്ള കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നത്. |
| (ബി) | കാസർകോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാനുള്ളവ എത്രയെന്നും വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ അനുവദിച്ച പഠനമുറി സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പഠന മുറി എന്ന പദ്ധതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച പഠന മുറികളുടെ എണ്ണം | പൂർത്തിയാക്കിയ പഠന മുറികളുടെ എണ്ണം | പദ്ധതിയ്ക്കായി വകയിരുത്തിയ തുക | പദ്ധതിയ്ക്കായി ചെലവഴിച്ച തുക |
|---|---|---|---|---|
| 2017-18 | 6623 | 6163 | 575,00,00,000/- | 56,53,11,250/- |
| 2018-19 | 4980 | 4396 | 440,00,00,000/- | 120,50,10,000/- |
| 2019-20 | 4993 | 3862 | 200,00,00,000/- | 87,50,84,000/- |
| 2020-21 | 8264 | 3255 | 270,00,00,000/- | 175,19,64,127/- |
| 2021-22 (ഫെബ്രുവരി മാസം വരെ) | 4759 | 831 | 250,00,00,000/- | 104,91,12,500/- |
| ആകെ | 29619 | 18507 | 17,35,00,00,000/- | 544,64,81,877/- |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പഠന മുറി എന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നൽകിയവ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച പഠന മുറികളുടെ എണ്ണം | പൂർത്തിയാക്കിയ പഠന മുറികളുടെ എണ്ണം | പൂർത്തിയാക്കാൻ അവശേഷിക്കുന്നവ |
|---|---|---|---|
| 2017-18 | 190 | 189 | 1 |
| 2018-19 | 170 | 169 | 1 |
| 2019-20 | 200 | 200 | 0 |
| 2020-21 | 398 | 352 | 46 |
| 2021-22 | 200 | 33 | 167 |
| ആകെ | 1158 | 943 | 215 |

സെക്ഷൻ ഓഫീസർ